File No.FWLD-D2/44/2020-FWLD

'ഭരണഭാഷ- മാതൃഭാഷ'

## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **735.** **04.03.2020-** ൽ മറുപടിക്ക്

### വന്യജീവി ആക്രമണവും,കൃഷിനാശവും

| ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണവും കൃഷി നാശവും വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പള്ളി, പരിയാരം, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആക്രമണവും കൃഷിനാശവും വ്യാപകമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വന്യജീവി ആക്രമണവും, കൃഷിനാശവും തടയുന്നതിനായി ട്രഞ്ച് നിർമ്മാണവും ഇലക്ട്രിക് ഫെൻസിംഗും സ്ഥാപിക്കുന്നതടക്കമുള്ള സംരക്ഷണ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; | (ബി) | വന്യജീവി ആക്രമണവും കൃഷിനാശവും തടയുന്നതിനായി വാഴച്ചാൽ ഡിവിഷനിൽ പ്പെട്ട അതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2.205 കി.മീ ട്രഞ്ചും 1 4 . 5 കി.മീ ചുറ്റളവിൽ സോളാർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ പുതിയ കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും നിലവിലുള്ളവ വൃത്തിയാക്കുകയും ചെയ്യുന്നുണ്ട്. ചാലക്കുടി ഡിവിഷനിൽപ്പെട്ട പ്രദേശങ്ങളിൽ 1.27 കി.മീ ട്രഞ്ചും, 44.5 കി.മീ സോളാർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം തടയാൻ മൊബൈൽ സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | നിലവിലുള്ള വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപ്പണികൾ വിഎസ്എസിന്റെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | നിലവിലുള്ള വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപണികൾ വി.എസ്.എസ്സിന്റെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്. അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 14.738 കി.മീ വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസ്സിന്റെ സേവനം പ്രയോജനപ്പെടുത്തി നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ